Country People's Own Tourism എന്ന പദ്ധതി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ വിവിധ ടൂറിസം പരിപാടികൾ വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.

(ബി) ടൂറിസം വകുപ്പ് നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഗ്രാമീണ മേഖലയും ഉൾപ്പെടുന്നുണ്ട്.

(സി) ഉത്തരവാദിത്ത ടൂറിസം, മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള God's Own Country People's Own Tourism തുടങ്ങിയ പദ്ധതികളുടെ ലക്ഷ്യംതന്നെ തനിമ നഷ്ടപ്പെടാത്തവിധം പുരാതന ശേഷിപ്പുകളും ജീവിത രീതികളും പരമാവധി നിലനിർത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്നതാണ്.

## പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ

**18 (*228)** ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് പൂർണ്ണമായും തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ ;

(ബി) ഇവയിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനമില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വിറ്റതിനു മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വില്പനക്കാർക്കെതിരെയും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) പച്ചക്കറികളിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ് പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല. സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനുപുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രായോഗികമല്ലാത്തതും പച്ചക്കറിയും പഴങ്ങളും മുഴുവനായിത്തന്നെ കേടുവരുവാനുള്ള സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധനാ സംവിധാനം ലഭ്യമായിട്ടുള്ളത്. ആയതുകൊണ്ടുതന്നെ മറ്റ് ജില്ലകളിൽനിന്ന് സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിപണികളിൽനിന്ന് പഴം-പച്ചക്കറി എന്നിവയുടെ കുറച്ചു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കുന്നതിൽ കവിഞ്ഞ് ഒരു സാമ്പിളിലും പരിധിക്ക് പുറത്ത് കീടനാശിനികളുടെ അളവ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വിൽപ്പനക്കാർക്കെതിരെയും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വ്യാപകമായി വിറ്റഴിക്കുന്നതായി പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടി വിഷയം ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് കൂടുതൽ പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽക്കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായ പരിശോധന കർശനമാക്കുവാൻ വേണ്ട നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്.

## നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം

**19 (*229)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെയും, തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളും ആയത് നടപ്പാക്കാനുള്ള സംവിധാനങ്ങളും സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) നിർദ്ദിഷ്ട റിവർ ആൻറ് വെറ്റ് ലാൻറ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്പ്മെൻറ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ നിരവധി അധികാരസ്ഥാനങ്ങൾക്ക് നല്കുന്നതുകൊണ്ടുണ്ടാകാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് വിവിധ വകുപ്പുകൾ/ ഏജൻസികൾവഴി നടപ്പിലാക്കുന്ന വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ ജലസേചന വകുപ്പുവഴി നടപ്പിലാക്കുന്നത് "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് - 2003" ആണ്. ഇതുകൂടാതെ, കേന്ദ്ര നിയമമായ തണ്ണീർത്തട (സംരക്ഷണവും മാനേജ്മെന്റും) റൂൾസ്-2010